DESPATCHED
On..31.3.22....

23/3/22



**സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം**
**തിരുവനന്തപുരം-695 001**
Email: sic.ker@nic.in

ഹർജി നമ്പർ **AP 2046(1)/2021/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം
**File No.17428/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മാർച്ച് 23**

ശ്രീ. പി. ദിലീഷ്,
ഫ്ളാറ്റ് നമ്പർ 5 സി,
എസ്.എഫ്.എസ്.മെലഡി അപ്പാർട്ട്മെന്റ്,
ഡി.പി.ഐ ജംഗ്ഷൻ, എ.ഐ.ആർ റോഡ്,
ജഗതി, തൈയ്ക്കാട് പി.ഒ., തിരുവനന്തപുരം-695 014.
} **അപ്പീൽ ഹർജിക്കാരൻ**

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്,
മസ്ക്കറ്റ് സ്ക്വയർ, വികാസ് ഭവൻ,
തിരുവനന്തപുരം. 695 033.
2. അപ്പീൽ അധികാരി &
ഓപ്പറേഷൻ മാനേജർ,
കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്,
മസ്ക്കറ്റ് സ്ക്വയർ, വികാസ് ഭവൻ,
തിരുവനന്തപുരം. 695 033.

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) വകുപ്പുപ്രകാരമുള്ള അപേക്ഷ തീയതി | 4.8.2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 7.9.2021 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 1.11.2021 |
| ഒന്നാം അപ്പീൽ തീർപ്പാക്കിയ തീയതി | 29.11.2021 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 27.12.2021 |
| കമ്മീഷനിൽ അപ്പീൽ ലഭിച്ച തീയതി | 28.12.2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 6.1.2022 |
| മേൽ പ്രകാരമുള്ള റിപ്പോർട്ട് ലഭിച്ച തീയതി | 8.2.2022 |
| ഹിയറിംഗ് (ഓൺലൈൻ) തീയതി | 22.3.2022 |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. പി. ദിലീഷ് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിലും അപ്പീൽ അപേക്ഷയിലും ആവശ്യപ്പെട്ട വിവരങ്ങൾ വിവരാവകാശ നിയമം 8(1)(എച്ച്)വകുപ്പ്

പ്രകാരം എതിർകക്ഷികൾ നിരസിക്കുകയാണ് ചെയ്തിട്ടുള്ളതെന്നും ആകയാൽ കമ്മീഷൻ ഇടപ്പെട്ട് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കി നൽകണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 4.8.2021-ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, താഴെ പറയുന്ന വിവരങ്ങളാണ് :

1) കെ.റ്റി.ഡി.സിയിലെ പേഴ്സണൽ ഓഫീസറായി ജോലി ചെയ്യുന്ന ശ്രീ. ഡാനിയൽ വി.എസ്.-നെ 6.9.1997-ൽ ഡെപ്യൂട്ടി മാനേജർ പേഴ്സണൽ ആയി നിയമിക്കുന്നതിന് നൽകിയ അപ്പോയ്മെന്റ് ഓർഡർ, അദ്ദേഹത്തിന്റെ ആപ്ലിക്കേഷൻ, ബയോഡേറ്റ, വിദ്യാഭ്യാസ യോഗ്യത സർട്ടിഫിക്കറ്റ്, പ്രബേഷൻ പിരിയ്ഡ് ഡിക്ലയർ ചെയ്ത ഓർഡർ എന്നിവയുടെ പകർപ്പ് ലഭ്യമാക്കണമെന്നും

2) 1.12.2006-ൽ പേഴ്സണൽ ഓഫീസറായി പ്രമോഷൻ ആകുമ്പോൾ കൊടുത്ത ഓർഡറും, പ്രൊബേഷൻ ഡിക്ലയർ ചെയ്ത ഓർഡറും, പ്രൊബേഷൻ ഓഫീസറായിട്ട് പ്രമോഷൻ കൊടുത്ത മാനദണ്ഡങ്ങളും അടങ്ങിയ രേഖകൾ ലഭ്യമാക്കണമെന്നും

3) പേഴ്സണൽ ഡിപ്പാർട്ട്മെന്റിൽ പേഴ്സണൽ ഓഫീസറായി ജോലി ചെയ്യുന്ന ശ്രീ. വി.എസ്. ഡാനിയലിന്റെ ഡ്യൂട്ടീസ്, ഉത്തരവാദിത്തവും എന്തൊക്കെയാണെന്നും മേൽപ്പറഞ്ഞതിന്റെ കോപ്പികൾ ലഭ്യമാക്കണമെന്നും ടിയാന്റെ സസ്പെൻഷൻ കഴിഞ്ഞതിന് ശേഷം പേഴ്സണൽ ഓഫീസിന്റെ പൂർണ്ണ ചുമതല കൊടുത്ത ഓർഡറിന്റെ കോപ്പിയും നൽകണമെന്നും മറ്റുമായി 10 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 7.9.2021-ന് നൽകിയ മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി 1.11.2021-ന് നൽകിയ അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി 29.11.2021 ന് മറുപടി നൽകിയിട്ടുള്ളതായി കാണുന്നു.

4. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ടിയാന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്ന കെ.ടി.ഡി.സിയിലെ പേഴ്സണൽ ഓഫീസറായ ശ്രീ. ഡാനിയൽ വി.എസ്.-ന്റെ ആപ്ലിക്കേഷൻ, ബയോഡേറ്റ മുതലായവ സംബന്ധിച്ച രേഖകൾ 25 വർഷത്തിന് മുമ്പുള്ള രേഖകളായതുകൊണ്ട് ടി രേഖകൾ ലഭ്യമല്ലാത്തതിനാൽ നൽകുവാൻ നിർവാഹമില്ലായിരുന്നു എന്നും അച്ചടക്ക നടപടി തീർപ്പാക്കാത്തതിനാൽ അപേക്ഷകൻ ആവശ്യപ്പെട്ട 4-ാമത്തെ

ചോദ്യത്തിനുള്ള പകർപ്പുകൾ വിവരാവകാശ നിയമം 8(1) (ജി) (എച്ച്) എന്നീ വകുപ്പുകൾ പ്രകാരം ലഭ്യമാക്കുവാൻ നിർവ്വാഹമില്ലായിരുന്നു എന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും നേരിൽ കേട്ട വേളയിൽ ഹർജിക്കാരനും ഒന്നാം എതിർകക്ഷിയും ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും എതിർകക്ഷികൾ മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. എന്നാൽ അപേക്ഷയിലെ ഒന്നാം ഇനത്തിൽ ആവശ്യപ്പെട്ട ശ്രീ. ഡാനിയൽ വി.എസിന്റെ അപ്പോയ്മെന്റ് ഓർഡർ, പ്രബേഷൻ ഡിക്ലയർ ചെയ്ത ഓർഡർ, ബയോഡാറ്റയിലെ വ്യക്തിഗത വിവരം മറച്ചുകൊണ്ടുള്ള ബാക്കി ഭാഗം, യോഗ്യതാ സർട്ടിഫിക്കറ്റിന്റെ പകർപ്പ് തുടങ്ങിയ രേഖകൾ പൊതു രേഖയായതിനാൽ ടി രേഖകളുടെ പകർപ്പുകൾ ഹർജിക്കാരന് നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു. അപേക്ഷയിലെ 2, 3, 4, 6, 8, 9, 10 എന്നീ ഇനങ്ങൾക്ക് എസ്.പി.ഐ.ഒ നൽകിയ മറുപടിയിൽ അപാകത കാണുന്നില്ല. 5–ാമത് ഇനത്തിൽ വ്യക്തിഗത വിവരം ഒഴിവാക്കിയുള്ള സർവ്വീസ് ബുക്കിന്റെ പകർപ്പും ടി ഇനത്തിൽ ആവശ്യപ്പെട്ട മറ്റ് വിവരങ്ങളും ഹർജിക്കാരന് നൽകേണ്ടതാണ്. 7–ാമത് ഇനത്തിന് വിവരാവകാശ നിയമം 8(1)(ജി) പ്രകാരം പി.ഐ.ഒ വിവരം നിഷേധിച്ചതിൽ അപാകത കാണുന്നില്ല. ആയതിനാൽ ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടതും എന്നാൽ വിജിലൻസ് അന്വേഷണവുമായും അച്ചടക്ക നടപടിയുമായും ബന്ധമില്ലാത്തതുമായ ലഭ്യമായ വിവരങ്ങൾ 10.4.2022നകം ഒന്നാം എതിർകക്ഷി ഹർജിക്കാരന് സൗജന്യമായി നൽകണമെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. . മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 23–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

bnk